# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3912** **24.08.2017-ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമപദ്ധതി**

**ചോദ്യം**
ശ്രീ.കെ.കുഞ്ഞിരാമൻ

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ്
മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ഉദുമ നിയോജകമണ്ഡലത്തിലെ ഏതൊക്കെ കോളനികളെയാണ് അംബേദ്കർ ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | ഉദുമ നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലേയ്ക്ക് കോളനികളെ ഉൾപ്പെടുത്തിയിട്ടില്ല.<br>ഉദുമ നിയോജക മണ്ഡലത്തിലെ ഉജംപാടി പട്ടികജാതി കോളനി, ചാപ്പാടി ചൂരിമൂല പട്ടികജാതി കോളനി എന്നീ കോളനികളെയാണ് പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ചാപ്പാടി ചൂരിമൂല പട്ടികജാതി കോളനി സർക്കാർ നിബന്ധനകളനുസരിച്ച് ഫീസിബിളല്ലാത്തതിനാൽ ടി കോളനിയെ ഒഴിവാക്കി പകരം പുതിയ കോളനിയെ ബഹു.എം.എൽ.എ നിർദ്ദേശിക്കുന്ന മുറയ്ക്ക് ആയതിന് അംഗീകാരം നൽകി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| ബി) | ഇതിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്നറിയിക്കാമോ; വിശദാംശങ്ങൾ അറിയിക്കുമോ? | ബി) | ഉജംപാടി കോളനിയ്ക്കു വേണ്ടി കോർപ്പസ് ഫണ്ടിൽ നിന്നും ഈ ആവശ്യത്തിലേക്കായി ഒന്നാം ഗഡുവായി 50 ലക്ഷം രൂപ വീതം നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതിയനുസരിച്ച് തുടർഗഡുക്കൾ നൽകുന്നതാണ്. |

Hariprija

സെക്ഷൻ ഓഫീസർ